ശ്രീ. എം. വി. രാഘവൻ: വീടുകൾ നൽകുന്നതിനെക്കുറിച്ച് വളരെയേറെ പരാതികളുണ്ട്. ഒരു പ്രത്യേക വിഭാഗത്തിനുമാത്രമേ വീടുകൾ നൽകുന്നുള്ളു എന്നുള്ള പരാതിയെക്കുറിച്ചന്വേഷണം നടത്താൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒരു പ്രത്യേക വിഭാഗത്തിനുമാത്രമേ, (മൽസ്യത്തൊഴിലാളികൾക്കുമാത്രമേ) വീടുകൊടുക്കുന്നുള്ളു.

ശ്രീ. എം. വി. രാഘവൻ: മൽസ്യത്തൊഴിലാളികളുടെ ഇടയിൽതന്നെയുള്ള ഒരു പ്രത്യേക വിഭാഗം എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: അന്വേഷണം നടത്താൻ തക്ക അഴിമതി ഒന്നും അവിടെ നടന്നിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഫിഷറീസ് ഡയറക്ടർ അഡീഷണൽ, ഫിനാൻസ് സെക്രട്ടറി, ഡെവലപ്പ്മെൻറ് സെക്രട്ടറി തുടങ്ങി വളരെയേറെ ജോലിത്തിരക്കുള്ള ഉദ്യോഗസ്ഥൻമാർ മാത്രമുള്ള ബോഡിയാണ് ഫിഷറീസ് വെൽഫയർ കോർപ്പറേഷനിലുള്ളത് എന്നതുകൊണ്ട് അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഉദാഹരണം, പതിനായിരം ഭവനനിർമ്മാണപദ്ധതി ഈ ബോർഡിൻെറ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നതരത്തിൽ തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ ഉദ്യോഗസ്ഥൻമാർ മാത്രമേ ബോർഡിലുള്ളു. അനുദ്യോഗസ്ഥാംഗങ്ങളേയും ഒരു അനുദ്യോഗസ്ഥ ചെയർമാനേയുംകൂടി നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ ആലോചനയിലുണ്ട്.

കുട്ടനാട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലെ കർഷകരുടെ നിവേദനം

* 622 a [671] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

,, സേവ്യർ അറയ്ക്കൽ;

,, കെ. രാഘവൻ മാസ്റ്റർ:

,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, കുട്ടനാട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കുന്ന സ്ഥിരം ബണ്ട് പദ്ധതിയനുസരിച്ച് ഒട്ടാകെ ചെലവു വരുന്ന സംഖ്യ കർഷകർ മടക്കി അടയ്ക്കണമെന്ന വ്യവസ്ഥ മാറ്റി പകരം വർഷംതോറും ഒരു ''സെസ്'' മാത്രം കർഷകർ നൽകിയാൽ മതിയെന്ന് നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകരുടെ നിവേദനങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യം ഗവൺമെൻറ് അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): (എ) ഇത്തരത്തിലുള്ള ഒരു ആവശ്യം ഉന്നയിച്ചുകൊണ്ട് കുട്ടനാട്ടിലെ ചില കർഷകരിൽ നിന്നും നിവേദനങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നെല്ലിൻെറ വില കുറഞ്ഞു പോയതുകൊണ്ട് കൃഷിചെയ്യുന്നത് ഒട്ടും ലാഭകരമല്ലാത്ത ഒരു തൊഴിലായിട്ടുള്ളതിനാൽ ഗവൺമെൻറ് ലാൻഡ് ഡെവലപ്പ്മെൻറ് ബോർഡ് മുഖാന്തിരം നടത്തുന്ന പണിക്കു വരുന്ന ചെലവിൻെറ മുതലും പലിശയും കൂടി കൃഷിക്കാരനിൽനിന്നു പിരിച്ചെടുക്കാതെ നാമമാത്രമായ ഒരു സെസ് ചുമത്തി അതിനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്. അത് ഗവൺമെൻറ് തത്വത്തിൽ സ്വീകരിക്കുന്നോ ഇല്ലയോ എന്നുപറയാതെ പരിഗണിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അതു സ്വീകരിക്കുന്നോ എന്നു പറയണം.

ശ്രീ. എ. എൽ. ജേക്കബ്: പരിഗണിച്ചശേഷമല്ലേ കാര്യങ്ങളൊക്കെ തീരുമാനിക്കുന്നത്?

ശ്രീ. സേവ്യർ അറയ്ക്കൽ: ഇന്ന് കർഷകർ ഏകദേശം അഞ്ചിനം നികുതി കൊടുക്കുന്നുണ്ട്. ഇതെല്ലാംകൂടി ഏകീകരിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരാൻ മുൻകൈയെടുക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): ഏകീകരിച്ച് ഒരു നിയമം കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച് ഗവൺമെൻറാലോചിച്ചു. പക്ഷേ അതുകൊണ്ട് പ്രത്യേക പ്രയോജനമുണ്ടാകുമെന്നുള്ള അഭിപ്രായം ഇപ്പോഴത്തെ ഗവൺമെൻറിനില്ല. അധികച്ചെലവുണ്ടാകുമെന്നാണ് അന്വേഷണത്തിൽനിന്നു മനസ്സിലായിട്ടുള്ളത്.

ശ്രീ. സേവ്യർ അറയ്ക്കൽ: കുട്ടനാട്ടിൽ 39 ലക്ഷത്തോളം രൂപ പാഡിംഗ് സബ്സിഡിയായി കൊടുത്തിട്ടുണ്ടെന്നോണ് കണക്കുകാണുന്നത്. സെസ് ഇനത്തിലുള്ള സംഖ്യ എത്രയുണ്ട്? സബ്സിഡി ഇവിടെ കൊടുക്കുന്നതുപോലെതന്നെ തൃശ്ശൂർ മുതലായ സ്ഥലങ്ങളിലും കൊടുക്കാൻ മുൻകൈയെടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: നോട്ടീസ് വേണം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എന്നാണ് ഈ നിവേദനം ലഭിച്ചത്; എന്നത്തേക്കു നടപടി സ്വീകരിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: നിവേദനം കിട്ടിയത് 6-3-1979 ലാണ്.

ശ്രീ. കെ. ജെ. ചാക്കോ: കേരളാ ലാൻഡ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടത്തുന്ന പുറംബണ്ടു നിർമ്മാണം കൃഷിക്കാർക്ക് കടുത്ത ബാദ്ധ്യതയുണ്ടാക്കുമെന്നുള്ളതുകൊണ്ട് ആദ്യം അവർ സഹകരിച്ചെങ്കിലും അവർക്കിപ്പോഴത് ഇതാവശ്യമില്ലെന്നു പറഞ്ഞ് ഐകകണ്ഠ്യേന പ്രമേയം പാസാക്കിയിട്ടുണ്ട്. എന്നിട്ടും അവിടെ ജോലിതുടരാനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു എന്നു പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കർഷകരെ നശിപ്പിക്കാതെ പണി തുടർന്നു പോകാതിരിക്കുന്നതിനാവശ്യമായ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: പരാതി ലഭിച്ചിട്ടുണ്ട്. ഈ പണി മുന്നോട്ടു കൊണ്ടുപോകണമെന്നു പറഞ്ഞ് ചിലരിൽനിന്നും നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: കൃഷിക്കാർ നൽകിയ നിവേദനത്തിൻമേൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതാണു ഞാൻ പറഞ്ഞത്, ചിലർ ഇതാവശ്യമില്ലെന്നു പറഞ്ഞും ചിലർ ഇതാവശ്യമുണ്ടെന്നു പറഞ്ഞും നിവേദനങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. ഈപ്പൻ കണ്ടക്കുടി: കുട്ടനാട് ഡെവലപ്പ്മെൻറ് സ്കീമനു സരിച്ച് നടത്തുന്ന ഈ കല്ലുകെട്ടുപരിപാടി ഉൽപ്പാദനച്ചെലവുമായി പൊരുത്തപ്പെടാത്ത ഒരു സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കു കൂടുതൽ പണിയെടുക്കുന്നതിനും മറ്റുമായി ഇത് മേജർ—മൈനർ ഇറിഗേഷൻ വർക്കുകളിലുൾപ്പെടുത്തി കെ. എൽ. ഡി. സി. യിൽനിന്നും പിൻവലിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. പി. എസ്തോസ്: ബണ്ടുപദ്ധതി കുട്ടനാട്ടിലും കായൽശൂരിലും വേണമെന്ന് കെ. പി. പ്രഭാകരനും എൻ. ഐ. ദേവസ്സിക്കുട്ടിയും വളരെയേറെ പ്രാവശ്യം പറഞ്ഞുകേട്ടിട്ടുള്ളതാണ്. ഓരോ കൃഷിക്കാരനും ഒരു ഹെക്ടറിന് പ്രതിവർഷം എത്രരൂപ തിരിച്ചടയ്ക്കണമെന്നുള്ള കണക്കു കൂട്ടിയിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: വിശദമായ കണക്കുകൾ തൽക്കാലം കൈവശമില്ല.

മൽസ്യത്തൊഴിലാളി സഹകരണസംഘം

* 623 [672] ശ്രീ. കെ. ടി. കുമാരൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, എം. കെ. കേശവൻ:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ച് പകരം കാർഷിക മേഖലയിലെ സർവ്വീസ് സഹകരണസംഘങ്ങളുടെ മാതൃകയിൽ സഹകരണസംഘം രൂപീകരിക്കാൻ വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം സംഘങ്ങളുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കും;

(സി) ഈ സംഘങ്ങളിലൂടെ മൽസ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly